നയം, വനം വകുപ്പിന് വേറൊരു നയം. ഇത് രണ്ടും കൂടി കൂട്ടിയോജിപ്പിച്ചു കൊണ്ട് ഒരു പൊതു നയത്തിൽ എത്തിയാൽ മാത്രമേ അവിടെയുള്ള ഈ വ്യവസായശാല പുനരുദ്ധരിക്കാൻ കഴിയുകയുള്ളു. വളർച്ച മുറ്റിയതും നശിച്ചുപോകാനിടയുള്ളതുമായ മരങ്ങൾ സെലക്ട് ചെയ്ത് മുറിക്കാനുള്ള സൗകര്യം കൊടുക്കണം. നാലടിയിൽ കൂടുതൽ വണ്ണമുള്ള മരം മുറിക്കാൻ അനുവദിക്കുക, മുറിക്കുന്നതനുസരിച്ച് വച്ച് പിടിപ്പിക്കുക ഇത്തരത്തിലുള്ള നിർദ്ദേശങ്ങളാണ് യൂണിയനുകൾ കൂട്ടായി വച്ചിട്ടുള്ളത്. അവിടെ ശ്മശാനതുല്യമായി നിൽക്കുന്ന മരവ്യവസായ ഫാക്ടറികൾ പുനരുദ്ധരിക്കാനാവശ്യമായ നടപടികൾ ഗവൺമെൻറ് വേഗമെടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

വ്യവസായ വകുപ്പുമന്ത്രി ശ്രീ. ഇ. അഹമ്മദ്:—സർ, ബഹുമാനപ്പെട്ട മെമ്പർ പല സ്വാഗതാർഹമായ നിർദ്ദേശങ്ങളും ഉന്നയിച്ചു എന്നുള്ളത് ശരിയാണ്. പക്ഷേ കേന്ദ്രഗവൺമെൻറിൻെറ നിയമവും അതിൻെറ അടിസ്ഥാനത്തിൽ സംസ്ഥാന ഗവൺമെൻറ് കൈക്കൊണ്ട നടപടികളും ചില തടസ്സങ്ങളുണ്ടാക്കിയിട്ടുണ്ടെന്നുള്ളത് ശരിയാണ്. ഇപ്പോൾ കല്ലായി പ്രദേശത്ത് നൂറിൽപരം അറക്കമില്ലുകൾ അല്ലെങ്കിൽ ഈർച്ചമില്ലുകൾ എന്നറിയപ്പെടുന്ന സാമില്ലുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. 50-ൽ പരം ചെറുകിട യൂണിറ്റുകളിലായി മൂവായിരത്തോളം തൊഴിലാളികൾ നേരിട്ടും അയ്യായിരത്തോളം തൊഴിലാളികൾ പരോക്ഷമായും ഈ വ്യവസായത്തിൽ പണിയെടുക്കുന്നു. ഒരു ദിവസത്തെ ആവശ്യത്തിന് വേണ്ട മരം 1100 ക്യൂബിക് മീറ്റർ ആയി കണക്കാക്കിയിട്ടുണ്ട്. എന്നാൽ ആവശ്യാനുസരണം തടി ലഭിക്കാത്തതിനാൽ ഒരാഴ്ചയിൽ കൂടുതൽ ഒരു മാസം പണി ഇപ്പോൾ ലഭിക്കുന്നില്ല എന്നുള്ളതും സത്യമാണ്. ഇപ്പോൾ പൊതു വിപണിയിൽ നിന്നുമാണ് മരം പരിമിതമായി ലഭിക്കുന്നത്. ഈ കാര്യങ്ങളെല്ലാം ഫോറസ്റ്റ് ഡിപ്പാർട്ടുമെൻറുമായി ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. മുഖ്യ വനപാലകൻ ഇതു സംബന്ധിച്ച് ചർച്ചകൾ നടത്തുന്നതായിട്ടാണ് മനസിലാക്കുന്നത്. മുഖ്യവനപാലകൻെറ വിവരത്തിൽ നിന്നും അതാണ് ലഭിച്ചിട്ടുള്ളത്. മുഖ്യവനപാലകനും വ്യവസായ വകുപ്പിൻെറ കമ്മീഷണറും മറ്റു ബന്ധപ്പെട്ടവരും ഇതു സംബന്ധിച്ച് ചർച്ച ചെയ്ത് നടപടികളെടുക്കുന്നതാണെന്നു മാത്രമേ ഞാൻ അറിയിക്കുന്നുള്ളു.

(3) മാവേലിക്കര ജംസ് ആശുപത്രിയിലെ തൊഴിലാളികളുടെ പിരിച്ചുവിടൽ

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്:—സർ, മാവേലിക്കര ജംസ് ഹോസ്പിറ്റൽ എന്നു പറയുന്ന ഒരു സ്വകാര്യ ആശുപത്രിയിൽ കഴിഞ്ഞ ആറുമാസമായി അവിടത്തെ ഒരു വലിയ കൂട്ടം തൊഴിലാളികളെ പിരിച്ചുവിട്ടിരിക്കുകയാണ്. അവരെ പിരിച്ചുവിടാനുണ്ടായ കാരണം അവർ സംഘടനയിൽ അംഗങ്ങളായി എന്നുള്ളതും മിനിമം വേജസ് ആവശ്യപ്പെട്ടതുമാണ്. ഈ കാര്യത്തെ സംബന്ധിച്ച് പല തരത്തിൽ കൂടിയാലോചനകൾ നടത്താൻ അവരുടെ യൂണിയനുകൾ ശ്രമിച്ചിട്ട് അതിനൊന്നും വഴങ്ങാതെ ലേബർ ഡിപ്പാർട്ടുമെൻറ് ഏതാണ്ട് ഇരുപതോളം കോൺഫറൻസുകൾ പലപ്പോഴായി വിളിച്ചുകൂട്ടിയിട്ട് രണ്ട് കോൺഫറൻസിൽ മാത്രമാണ് മാനേജുമെൻറ് പങ്കെടുത്തത്. അവർ പറയുന്ന ഒരു ന്യായം ഞങ്ങളുടെ സ്ഥാപനത്തിൽ പണിയെടുക്കുന്നവരെ ഞങ്ങൾക്ക് പിരിച്ചുവിടാൻ അവകാശമുണ്ട് എന്നാണ്. മിനിമം വേജസ് ചോദിക്കാൻ നിങ്ങൾക്ക് അവകാശമില്ല എന്ന മുട്ടാത്തർക്കമാണ് പറഞ്ഞുകൊണ്ടിരിക്കുന്നത്. ലേബർ ഡിപ്പാർട്ടുമെൻറ് അടിയന്തിരമായി ഇടപെട്ട് കോൺഫറൻസ് വിളിച്ചുകൂട്ടി ആ പ്രശ്നം പരിഹരിക്കാൻ നടപടിയെടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ) : സർ, ഇതിൽ രേഖകം കൊണ്ടു കാണുന്നത് ഒരു തൊഴിലാളി ഒരു ഡോക്ടറോട് അപമര്യാദയായി പെരുമാറിയതിനെത്തുടർന്ന് അദ്ദേഹത്തെ 22-1-1985-ൽ സസ്പെൻഡ് ചെയ്തതായിട്ടും യൂണിയൻ അതിന് ഒരു സ്ട്രൈക്ക് കാരം ഫോർ ചെയ്തതായിട്ടുമാണ്. 65 തൊഴിലാളികളുള്ള അവിടെ ഏഴു പേർ മാത്രമാണ് സ്ട്രൈക്കിൽ പങ്കെടുത്തത്. ഏഴുപേരേയും അവർ സസ്പെൻഡ് ചെയ്തു. 22-1-1985-ലാണ് പ്രശ്നമുണ്ടായതെങ്കിലും യൂണിയൻ 4-5-1985-ൽ മാത്രമാണ് ലേബർ ഡിപ്പാർട്ടുമെന്റിന്റെ ശ്രദ്ധയിൽ ഈ പ്രശ്നം കൊണ്ടുവന്നത്. അന്നുമുതൽ കോൺഫറൻസുകൾ നടത്തുകയാണ്. യൂണിയന്റെ ആവശ്യപ്രകാരം തുടർന്നും അനുരഞ്ജനങ്ങൾ നടത്തുന്നതാണ്.

(4) കാവിലുംപാറ സബ് രജിസ്ട്രാർ ഓഫീസിന്റെ പ്രവർത്തനം

ശ്രീ. കെ. ടി. കണാരൻ : സർ, എന്റെ നിയോജകമണ്ഡലത്തിലെ കാവിലുംപാറ സബ് രജിസ്ട്രാർ ഓഫീസ് ഈ കാലവർത്തിനുശേഷം പലപ്പോഴും പ്രവർത്തിക്കാറില്ല. 15 വർഷക്കാലമായി വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഓഫീസ് കെട്ടിടം പോർന്നൊലിച്ച് അവിടെയുള്ള രേഖകൾ പ്ലാസ്റ്റിക് കടലാസുകൊണ്ട് മൂടിവച്ചിരിക്കുകയാണ്. പഞ്ചായത്തുവക ഷോപ്പിംഗ് കെട്ടിടത്തിലേക്ക് അടിയന്തിരമായി മാറ്റി സബ്രജിസ്ട്രാർ ഓഫീസിന്റെ പ്രവർത്തനം ആരംഭിക്കാൻ സത്വരനടപടികൾ സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. എ.എൽ. ജേക്കബ്) : ഒരു വാടക കെട്ടിടത്തിലേക്ക് മാറാനായിട്ട് സ്ഥലം നോക്കിക്കൊണ്ടിരിക്കുകയാണ്. പുതിയ കെട്ടിടം പണിയാൻ 30 സെന്റ് സ്ഥലമെടുത്തുകഴിഞ്ഞു. പ്ലാൻ തയ്യാറാക്കി. ഉടനേതന്നെ വേണ്ടത് ചെയ്യുന്നതാണ്.

(5) മൂന്നാർ പ്രദേശത്തെ സ്കൂളുകളിലെ തമിഴ് അദ്ധ്യാപകരുടെ കുറവ്

ശ്രീ. ജി. വരദൻ : കല്വി അമൈച്ചർ അവർകളുടെ കവനത്തിറ്കു നാൻ നിലവറ്റൈ കൂറപ്പോകിറേൻ. തേവികുളം താലുകാവിൽ മൂന്റിൽ 5 ഉയർനിലൈ പള്ളികൾ ഉൾളന. ചെണ്ടുവരൈ, കൂടാരവല്ലയം, ചോത്തുപ്പാറൈ എൻറ ഇന്ത മൂൻറു ഉയർനിലൈ പള്ളികളിലും ആചിരിയർകൾ ഇല്ലാതതിനാൽ അങ്കുൾള മാണവർകൾ എവരും എസ്. എസ്. എൽ. സി. തേർവിൽ വെറ്റി പെറവില്ലൈ. കടന്ത ആണ്ടിൽ 4 പള്ളികളിൽ, ഇന്ത ആണ്ടു 3 പള്ളികളിൽ ഇവ്വാറു തോൽവിയുറ്റുള്ളനർ. നടുനിലൈ പള്ളികളിൽ 5, 6, 7 ഇന്ത മൂൻറു വകുപ്പുകളുക്കു തമിഴാ ചിരിയർകൾ കിടൈയാതു. അതുമട്ടുമില്ലാമൽ ആചിരിയർകൾ അങ്കു നിയമിക്കപ്പട്ടാലും അവർകൾ ഒരു നാൾ വന്തു ഹാജർ വൈത്തുവിട്ടു ലീവ് എടുത്തുക്കൊണ്ടു പോയ്വിടുകിറ്റർകൾ. ആകൈയാൽ അങ്കുൾള കുഴന്തൈകളുക്കു പടിക്ക വായ്പ്പു കിടൈപ്പതിലൈ. മേലും നെയ്യാറ്റിൻകരൈയിൽ ഉൾള Training School-ൽ തമിഴാചിരിയർകൾ ഇല്ലാതതിനാൽ അങ്കുൾള തമിഴ് മാണവർകൾ മികവും പാതിക്കപ്പടുകിറ്റർകൾ. അവർകളുടൈയ എതിർകാലം പാതിക്കപ്പടുകിറതു. ആകൈയാൽ അമൈച്ചർ അവർകൾ ഇതറ്കു ഒരു തനിപ്പട്ട ചട്ടം കൊണ്ടുവന്തു ഇന്ത തമിഴാചിരിയർകൾ പറ്റാക്കുറൈയൈ പോക്കുവതറ്കു തേവൈയാന നടവടിക്കൈകൾ എടുക്ക വേണ്ടുമെൻറു മികവും പണിവാക കേട്ടുക്കൊൾകിറേൻ.

LIBRARY ARCHIVES Kerala Legislative Assembly